# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*272 — 13-03-2018 ൽ മറുപടിയ്ക്ക്

## നെൽ കർഷകർക്ക് ധനസഹായം

**ചോദ്യം**
ശ്രീ.ഷാഫി പറമ്പിൽ
,, എ.പി. അനിൽ കുമാർ
,, വി.പി.സജീന്ദ്രൻ
,, പി.ടി. തോമസ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽ കർഷകർക്ക് റോയൽറ്റി നൽകുന്നതിന് എടുത്ത തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എന്ത് തുകയാണ് റോയൽറ്റിയായി നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നത്; | (എ) | കേരളത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിവിധ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും ഭൂഗർഭജലത്തിന്റെ തോത് കുറയാതെ നിലനിർത്തുന്നതിനുമുള്ള നെൽ വയലുകളുടെ അതീവ പ്രാധാന്യം കണക്കിലെടുത്ത് പ്രകൃതിദത്തമായ ജല സംഭരണിയായ നെൽവയൽ സംരക്ഷിക്കുന്നത്, പ്രകൃതിയുടെ ആവാസവ്യവസ്ഥ സംരക്ഷണമായി കണ്ട് നിലം ഉടമസ്ഥന് ഹെക്ടർ ഒന്നിന് 2500/- രൂപ നിരക്കിൽ റോയൽറ്റി നൽകുക എന്നതാണ് ഈ സർക്കാരിന്റെ നയപരമായ തീരുമാനം. ഇതനുസരിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന് വകുപ്പ് പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ റോയൽറ്റി നൽകേണ്ട ആവശ്യകതയെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം റോയൽറ്റി എന്ന ആശയം ഈ വർഷം തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. റോയൽറ്റി നൽകുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കേന്ദ്രസർക്കാർ കർഷകർക്ക് നൽകിവന്നിരുന്ന പ്രത്യേക ധനസഹായം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ നഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ധനസഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; | (ബി) | നിലം ഉഴുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് 4500/- രൂപ നിരക്കിൽ നൽകിവന്നിരുന്ന ആനുകൂല്യം കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ട്. 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ സംസ്ഥാന സർക്കാർ സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറിനു 5500/- രൂപ എന്ന നിരക്കിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 58.8 കോടി രൂപ കൂടി |

| | | | |
|---|---|---|---|
| | | | അധികമായി അംഗീകരിക്കണമെന്ന് വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | നെല്ല് സംഭരണത്തിലെ അപാകത മൂലം നെൽകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയിലെ മാനദണ്ഡ പ്രകാരം സംഭരിക്കുന്ന നെല്ല് നല്ല വ്യാപാര മൂല്യമുള്ളതും പാകമായി ഉണങ്ങിയതും ശുദ്ധമായതും പൂർണമായ പോഷക ഗുണമുള്ളതും, ധാന്യങ്ങളുടെ വലിപ്പം, നിറം എന്നിവയിൽ സമാനതയുള്ളതും ദുർഗന്ധം, കീടബാധ, പൂപ്പൽ എന്നിവയിൽ നിന്ന് വിമുക്തമായിട്ടുള്ളതുമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നെല്ല് ഏറ്റെടുക്കുന്നതിൽ കാലതാമസവും പരാതികളും ഉണ്ടാവുന്നത് നെല്ലിന്റെ ഗുണമേന്മയിൽ വ്യതിയാനം സംഭവിക്കുമ്പോൾ മാത്രമാണ്. കൊയ്ത്തുകഴിഞ്ഞ നെല്ല് കർഷകർ ഉചിതമായി കൈകാര്യം ചെയ്ത് ക്രമമായി ഉണക്കി പതിര് കളഞ്ഞു നിശ്ചിത ഗുണമേന്മയോടെ കൈമാറുന്ന പക്ഷം നെല്ല് സംഭരണ പദ്ധതി വളരെ സുഗമമായി നടപ്പിലാക്കുവാൻ സാധിക്കും. നെല്ലിന്റെ ഈർപ്പത്തിന്റെ അളവ് പരിശോധിക്കുന്നതിന് മോയിസ്റ്റർ മീറ്റർ ഉപയോഗിക്കാമെന്നും പതിരുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിന് പാടശേഖരങ്ങളിൽ നിന്ന് നിശ്ചിത അളവ് നെല്ല് സാമ്പിളായി ശേഖരിച്ച് പാറ്റി പതിരിന്റെ അളവ് കണക്കാക്കി അനുവദനീയമായ അളവ് കഴിച്ച് ബാക്കിയുള്ള അളവിന് ആനുപാതികമായി കർഷകർ നെല്ല് നൽകേണ്ടതാണെന്നും മണ്ണിന്റെ ലവണാംശം മൂലം ഉണ്ടാകുന്ന കറുത്ത നെല്ലിൽ നിന്ന് ഉല്പാദിപ്പിക്കുന്ന അരിയുടെ അളവിൽ അനുവദനീയമായ 2.5% അളവ് നിലനിർത്തി ബാക്കിയുള്ളവയ്ക്കും ആനുപാതികമായ അളവിൽ നെല്ല് കർഷകർ നൽകേണ്ടതാണ്. |
| (ഡി) | നെല്ല് സംഭരണത്തിനായി ഇതിനകം എത്ര മില്ലുകളുമായി കരാർ ഒപ്പ് വച്ചിട്ടുണ്ട്; നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | 2017-18 സീസണിൽ നെല്ല് സംഭരണത്തിനായി നാളിതുവരെയും 50 മില്ലുകാരുമായി സപ്ലൈകോ കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്. കഴിഞ്ഞ സീസണിൽ നിന്നും 80 പൈസ കിലോ ഗ്രാമിന് വർദ്ധിപ്പിച്ച് നിലവിൽ കിലോഗ്രാമിന് 23.30 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ